# ശ്മശാനത്തിലെ തുളസി

ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# ശ്മശാനത്തിലെ തുളസി


ഗ്രന്ഥകർത്താ:

ചങ്ങമ്പുഴ കൃഷ്ണപിള്ള എം. എ.

എടപ്പള്ളി.



Publishers:

THE MANGALODAYAM LIMITED,

TRICHUR.



Digitized By Kerala Sahitya Akademi

First Impression in Karkitakam 1124. Copies one thousand

All rights reserved

*By*
MRS. SREEDEVI CHANGAMPUZHA
'SRI KRISHNA SADANAM'
EDAPPALLY
(N. Travancore)

Printed at
THE MANGALODAYAM PRESS,
TRICHUR.

Price: 12 Annas

Digitized By Kerala Sahitya Akademi

## കവിതകൾ


| | | |
|---|---|---|
| 1. | ശ്മശാനത്തിലെ തുളസി | 1 |
| 2. | സഹതപിക്കുന്നു ഞാൻ | 5 |
| 3. | തിരസ്കാരം | 9 |
| 4. | വാടിയ പൂവു കണ്ടിട്ട് | 13 |
| 5. | പൂക്കളം | 17 |
| 6. | മരണത്തിന്റെ മറവിൽ | 21 |
| 7. | വീണ്ടും വെളിച്ചം | 24 |
| 8. | വിയോഗഭൂവിൽ | 26 |
| 9. | മറക്കരുത് | 32 |
| 10. | തിരുവനന്തപുരം ആർട്ട്സ് കോളേജിൽ | 34 |
| 11. | പൈതൽ | 37 |
| 12. | വസന്തത്തിനോട് | 39 |
| 13. | തുഹിനബിന്ദു | 41 |
| 14. | വ്യതിയാനം | 43 |
| 15. | സ്മരണ | 47 |
| 16. | ഹൃദയഭിക്ഷു | 50 |
| 17. | രാഗലഹരി | 52 |
| 18. | കരയും ഞാൻ | 54 |
| 19. | വിരഹവേദിയിൽ | 57 |
| 20. | ചിത്രയുഗത്തിലെ സുപ്രഭാതം | 59 |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ശ്മശാനത്തിലെ തുളസി

പാവനീ, ഭവതിതൻ പൂർവ്വപാപാധിക്യത്താൽ
പൂവനം പൂകീടാനും, പൂജ്യയായ്ത്തീർന്നീല നീ!
ഇക്കൊടുംചുടുകാട്ടിൽ വന്നു നീ ജനിച്ചതു
ദുഷ്കർമ്മഫലത്തിൻെറ പരിപാകത്താലല്ലീ?

മന്ദിരാങ്കണമദ്ധ്യേ മണ്ഡപമതിനുള്ളിൽ
നന്ദിനീ, നലമോടു വന്നെങ്ങാൻ പിറന്നെങ്കിൽ,
അന്തിയിൽ ചെറുതായ കൈത്തിരിയൊന്നെങ്കിലും
നിന്തിരുവടിയുടെ പാദത്തിൽ പതിഞ്ഞേനേ!

സന്ധ്യയാം നവോഢതൻ പൂങ്കവിൾത്തട്ടിൽ, നി
ബന്ധുരമായീടും നൽസിന്ദൂരം പൂശീടുമ്പോൾ (ത്ര്യം
ലോകബാന്ധവൻ പശ്ചിമാംബുധിവീചിസ്സുള്ളിൽ
ശോകവൈവണ്ണ്യം പൂണ്ടു മറഞ്ഞുതുടങ്ങുമ്പോൾ,
അഭ്രദേശത്തിലോരോ താരങ്ങൾ തെളിയുമ്പോൾ
ശുഭ്രവസ്ത്രാലംകൃതയായി മൽകുടുംബിനി
ഓലക്കമോലുന്നോരാലോലമാം ഫാലമദ്ധ്യേ
ചാലവേ വിഭൂതിയാൽ നേർവരക്കുറിചാർത്തി,

Digitized By Kerala Sahitya Akademi

തങ്കവാരൊളിവളക്കിലുക്കമാൎന്നീടുമ-
പ്പൊൻകരവല്ലിതന്നിൽ, നൽക്കൊടിവിളക്കുമായ്

അങ്കണത്തിങ്കൽത്തിങ്ങും വെണ്മണൽത്തരികളിൽ
കുങ്കുമച്ചാർ തളിൎക്കും പാദപത്മങ്ങളോടെ

നിൻസമുദായത്തിലെ, മറെറാരു സഹോദരി-
തൻ, സവിധത്തിൽ ചെന്നുനിന്നിടുന്നൊരാ നില്പും,—

തൃത്താവിൻ തൃച്ചേവടി തന്നിലാച്ചെറുദീപ-
മുൾത്താരിൽ ഭക്തിപൂർവ്വം വെച്ചിടുന്നൊരാ വെപ്പും,—

അംബികേ, വൃന്ദാവനീ, നിന്മുന്നിലെത്തീടുമ്പോ-
ളൻപിനോടൊരു ചിത്രംപോലെ, ഞാനോൎത്തീടുന്നു!!

മന്ദമാരുതൻ സദാ മന്ത്രിച്ചു നടക്കും, മാ
മന്ദാരവല്ലി പൂഴം, മഞ്ജുളമലൎക്കാവിൽ

വന്നു നീ പിറന്നെങ്കിലുന്നതസൌഭാഗ്യത്താൽ (ഷം!
ധന്യയായ്ത്തീൎന്നേനെ നീ— കാണുക നിൻഭാഗ്യദോ

മന്നിൻെറ മനോഹരമായിടും മുഖത്തിങ്കൽ
പൊന്നിളംപൊടി പൂശും മംഗളവിഭാതത്തിൽ

യാമിനീകാലത്തിങ്കൽ, കാമുകരായ് രമിച്ച
ഭാമിനീവൃന്ദ,മുഷഃസ്നാനവും കഴിച്ചുടൻ,

നിന്നിളം ഗളനാളം നുള്ളിയമ്പലങ്ങളി-
ലുന്നിദ്രമോദം ദേവനഞ്ജലിസ്സായിട്ടേകും!

Digitized By Kerala Sahitya Akademi

അമ്മഹാപീഠങ്ങളിലംബികേ, ലസിപ്പാനും
നന്മയിൽബ്ഭവതിക്കും സാദ്ധ്യമായ്ത്തീർന്നീലല്ലോ!!

തെററിപ്പോയ്;—ക്ഷമിക്കുനീ;-യിശ്മശാനത്തില
മുററിനില്പതു ശുഭേ, ശാന്തിയാം സുധാമൃതം? (ല്ലോ

ആരുണ്ടിച്ചുടുകാട്ടിലാരാഞ്ഞു ഭവതിതൻ
വേരറുത്തെടുത്തീടാൻ?—ഈ വാഴ്വ സുഖാസ്പദം!

ഘോരമാണെന്നാകിലെന്തിസ്ഥലം?—തമോഗുണ-
പൂരിതമാണെന്നാലും ശാന്തിതൻ നികേതനം!—

ലോകത്തിൻരഹസ്യവും, കാപട്യങ്ങളും നിത്യ-
മാകവേ നിശ്ശബ്ദമായോതുന്ന വിദ്യാലയം!—

മാനുഷവർഗ്ഗത്തിൻെറ ഭിന്നരീതിയിലുള്ള
മാനസരത്നം ദ്രവിച്ചടിയും ഭണ്ഡാഗാരം!—

ഇപ്രദേശത്തിൽ വാണീ,ത്തത്വങ്ങൾ ഗ്രഹിക്കുകിൽ
ക്ഷിപ്രമീദൃശലോകസൌഖ്യങ്ങൾ വെറുത്തുപോം!

എങ്ങിനെ മുന്നോട്ടേയ്ക്കു ഗമിപ്പൂ മനുജന്മാ-
രെങ്ങിനെയസ്സൌഭാഗ്യസോപാനമെത്തീടുന്നു?

കാക്കാനുമസാദ്ധ്യമാണത്രക്കു ഭയാനക-
മാക്കമേ ഗ്രഹിപ്പാനും കഴിവീലതിൻതത്വം.

തന്നുടെ സഹോദരന്മാരുടെ തലയോടു
മുന്നിലുണ്ടതു കഷ്ടം ചവിട്ടിക്കതിസ്സുന്നു.

Digitized By Kerala Sahitya Akademi

സോപാനം കരേറുവാൻ, സോദരഹൃൽശോണിതം
പാപമേ, പാനംചെയ്തു പാരാതെ പാഞ്ഞീടുന്നു!!
എന്താണിച്ചൊല്ലും ഭാഗ്യമെന്താണിസ്സൌഖ്യം കഷ്ട-
മെന്താണിപ്രതാപം?—ഹാ, പാഴ്ക്കിനാവുകൾ
(മാത്രം!

ഇപ്പെരും കഴുകന്മാർ, കൊത്തുമോ ഭവതിതൻ
പൊൽപ്പൂത്തുക്കതിർക്കുലക്കൂട്ടങ്ങൾ കൂത്താടുവാൻ;—
ഇല്ലില്ല;—ഭവതിക്കു ശാന്തി പൂണ്ടിവിടത്തി-
ലുല്ലസിച്ചീടാം ഇതാണെല്ലാർക്കും പ്രാപ്യസ്ഥാനം!
ഈ ലോകരഹസ്യങ്ങളെപ്പൊഴും ചിന്തിച്ചു നീ
ലാലസിച്ചാലും, ഫലഭൂയിഷ്ഠം തവ ജന്മം!!

Digitized By Kerala Sahitya Akademi

# സഹതപിയ്ക്കുന്ന ഞാൻ

ജീവിതപ്പൂവിലഴകും സുഗന്ധവും
താവിത്തുളുമ്പാനിടയെനിയ്ക്കേകി നീ.

സായൂജ്യരേഖകൾ വീശി നീ നീളെനിൻ
സാഹചര്യത്തിനാലെൻവഴിത്താരയിൽ

നിഷ്കളങ്കാർദ്രസ്മിതവുമായ്, കൈകൂപ്പി
നിൽക്കുന്നു നിന്നുന്നി,ലെൻനന്ദിയിപ്പൊഴും!

ലോകിലും, ഞാൻ വെറും കണ്ണുനീർത്തുള്ളിയൊ-
ന്നേകുമോ നീ,യിക്കൃതജ്ഞതയ്ക്കെങ്കിലും?

*　　　*　　　*

ലോകസാധാരണം വിസ്മൃതി, സൌഹൃദം
ശോകാസ്പദം;—ഹാ, ചതിച്ചില്ല നിന്നെ ഞാൻ!

ആകയാൽ മാപ്പു ചോദിയ്ക്കേണ്ടതില്ലെനി-
യ്ക്കാകണ്ഠമസ്സുധയാസ്വദിച്ചെങ്കിലും!

വിണ്ണിൽനിന്നിററിററു വീഴുന്ന നീഹാര-
ബിന്ദുക്കൾപോലെൻെറ ജീവിതവേദിയിൽ

ചിന്തകൾ വർണ്ണംപിടിപ്പിച്ചു, പെയ്തു നീ
സന്തതം, നാനാനവോന്മദവൃത്തികൾ!

എന്തതിലത്ഭുതമസ്വപ്നരംഗത്തി-
ലന്തരാ തെല്ലൊന്നഹങ്കരിച്ചെങ്കിൽ ഞാൻ?......

*　　　*　　　*

Digitized By Kerala Sahitya Akademi

പിന്നെയും, പിന്നെയും വേലിയേററത്തിലെ-
പ്പൊന്നൊളിക്കുഞ്ഞലച്ചാർത്തുകൾ മാതിരി;
വന്നുചേരുന്നു മറഞ്ഞ ദിനങ്ങളെൻ
മുന്നിലില്ലങ്ങോട്ടു നോക്കില്ല മേലിൽ ഞാൻ!

ഞെട്ടററ പൂക്കളെച്ചിന്തിച്ചു ചിന്തിച്ചു
പൊട്ടിക്കരയാൻ തുനിയില്ല കോകിലം
എന്നാലുമയ്യോ വിഷാദം ക്ഷണിയ്ക്കാതെ
വന്നുകേറുന്നു, കെടുന്നു ദീപാങ്കുരം.

തപ്പിത്തടഞ്ഞീയിരുട്ടത്തു പോകിലും
കെൽപ്പററു കാൽതെററി വീണുപോകില്ല ഞാൻ!

* * *

ലുബ്ധല്പമല്ല നിയതിയ്ക്കൊരാനന്ദ-
ലബ്ധിയുമെത്തിയ്ക്കില്ലതു പൂർത്തിയിൽ!
ഏതു പീയൂഷമാണെങ്കിലുമാരെയു-
മേറെ സ്വാദിപ്പിയ്ക്കില്ലതീയൂഴിയിൽ!

എന്തസൂയാലു—തരില്ല കൈനീട്ടേണ്ട
നൊന്തിടുന്നോരീ മനസ്സു നിനക്കു ഞാൻ!
വേണമെനിയ്ക്കത,സ്പന്ദങ്ങളെക്കൊണ്ടു
വീണവായിപ്പിച്ചിരുന്നു രസിയ്ക്കുവാൻ!

വേദനിയ്ക്കേണമതെപ്പോഴു,മല്ലെങ്കി-
ലാദരിച്ചീടുകില്ലത്രമേൽ നിന്നെ ഞാൻ!

* * *

Digitized By Kerala Sahitya Akademi

താരുണ്യലക്ഷ്മിക്കു താണ്ഡവമാടുവാൻ
താളംപിടിച്ചു നിൻതാരാട്ടിനൊത്തു ഞാൻ.

ആകർഷകങ്ങളായ്ത്തീർന്നൊരാ രംഗങ്ങ-
ളാകില്ലിനിത്തീരെ വിസ്മരിച്ചീടുവാൻ.

സങ്കല്പമൊക്കെപ്പൊതിഞ്ഞിതന്നായിരം
തങ്കക്കിനാവിൻ തണുത്ത നിഴലുകൾ!

മോഹങ്ങളോരോന്നു മൊട്ടിട്ടു മൊട്ടിട്ടു
മോഹനോന്മാദപരിമളം വീശവേ;

സ്നേഹിച്ചുപോയ് നാം പരസ്പരം,മിന്നതു
സാഹസമായിക്കരുതുന്നു ലോകവും!

നീ വിഷാദിക്കേണ്ടനുപമേ, വാടാത്ത-
നീരലരല്ല മനുഷ്യന്റെ ജീവിതം!

ആഴക്കചാമ്പലാണെല്ലാം!—അഴകററു
വീഴും പുഴക്കത്തതിൻ കളപാളിയിൽ!

പോകു, കരയാതെ പോകൂ, തണുത്ത നി-
ന്നേകാന്തതയിലേക്കെല്ലാം സഹിച്ചു നീ!

എങ്ങുമില്ലാക്കും വിജയം!—വിജയമെ-
ന്നെണ്ണുന്നതെല്ലാം വെറുംവെറും വിഭ്രമം!

ഓങ്ങിടും ഖഡ്ഗം സ്വകണ്ഠത്തിലാപതി-
ച്ചേങ്ങിക്കിതച്ചു പതിക്കുന്നു ഘാതുകൻ!

മുന്നിൽ വലവെച്ചു വേട,നറിയാതെ
വന്നതിൽത്തന്നെ കുടുങ്ങുന്ന വേളയിൽ;

Digitized By Kerala Sahitya Akademi

ആകാശവീഥിയിലേയ്ക്കു പറക്കുന്നി-
താഹാരമവും കൊക്കിലാക്കിപ്പതത്രികം!

കാണുന്ന ലോകമേ, കാണുന്നതല്ല നീ
കാണാൻ കഴിയില്ല നിന്നെ നീയായിനി!!......

*  *  *

ഞാനൊന്നുകൊണ്ടും നിരാശനാവില്ലെന്തി-
നാണീ വിഫലപ്രയത്നം പ്രപഞ്ചമേ?

എന്നെച്ചവിട്ടി നീ താഴ്ത്തുമ്പൊഴൊക്കെയും
നിന്നിലും മീതെശിരസ്സു പൊക്കുന്നു ഞാൻ!

ഇത്ര കണ്ടിട്ടും മനസ്സിലായില്ലയോ
കഷ്ടം, ജഗത്തേ, സഹതപിക്കുന്നു ഞാൻ!

Digitized By Kerala Sahitya Akademi

## തിരസ്കാരം

പൂമരത്തണൽ തേടിയിന്നുനിൻ
പ്രേമലേഖനം നോക്കി ഞാൻ.

കണ്ടു മുട്ടിനേൻ ഞാനതിലൊരു
നൊന്തുകേഴുന്ന മാനസം.

ചുററുപാടും പരന്ന സുന്ദര-
പുഷ്പസൌരഭവീചികൾ

തൊട്ടുണർത്തിയെന്നുള്ളിലോരോരോ
നഷ്ടഭാഗ്യസ്മരണകൾ.

അന്നിമേഷത്തിൽ ഞാനറിയാതെൻ
കണ്ണു രണ്ടും നിറഞ്ഞുപോയ്!

വർത്തമാനത്തെ വിട്ടു, ഭൂതത്തി-
ലെത്തിയെൻ ചുററും നോക്കി ഞാൻ.

എന്തൊരുല്ലാസമെന്തൊരാവേശ-
മെന്തൊരത്ഭുതസൌഹൃദം.

നഷ്ടമായല്ലോ തോഴി, നമ്മൾക്കു
കഷ്ടമാസ്വാച്ഛ്യമൊക്കെയും.

സ്വപ്നമാത്രമിജ്ജീവിതത്തിലെ-
സ്സുപ്രഭാതമശ്ശൈശവം,

എത്ര ശാന്ത,മതെത്ര കാന്ത,മ-
തെത്ര നിർവ്വാണദായകം!



Digitized By Kerala Sahitya Akademi

പോയല്ലോ, മാഞ്ഞുപോയല്ലോ തോഴി
മായികമപ്രഭാങ്കുരം!

ഇപ്രണയത്തെക്കാൾ മധുരമാ-
ണപ്പരിശുദ്ധസൌഹൃദം.
കണ്ടിടാമിതിലൊക്കെയും ചില-
മഞ്ജുളാങ്കിതരേഖകൾ;
കമ്രമാണെന്നിരിക്കിലും, ചില
കണ്ണുനീരിൻ കലപ്പുകൾ
മാനസം മടുപ്പിക്കയാണിതു
തേനിലുപ്പിട്ട മാതിരി!
ഇല്ലതിങ്കലസ്സൌഹൃദത്തിങ്കൽ-
ത്തെല്ലുപോലുമിതൊന്നുമേ.
ശുഭ്രസുന്ദരമാകമാന,മ-
ത്തുത്തപ്രഭാരഞ്ജിതം.
കിട്ടുകില്ലിനിക്കിട്ടുകില്ലതിൻ
നഷ്ടരശ്മിയെന്നാകിലും!

അപ്പരിശുദ്ധസൌഹൃദത്തിൻെറ
പുഷ്പതല്പകച്ഛായയിൽ,
ചിന്തയററു സുഖിച്ചു നാം, രണ്ടു
പൊൻകിനാവുകൾമാതിരി!
അപ്പരമാത്ഥചിത്തബന്ധത്തിൻ
മുഗ്ദ്ധകൽഹാരവാപിയിൽ,

Digitized By Kerala Sahitya Akademi

അന്നു നീന്തിക്കളിച്ച നാം, രണ്ടു
പൊന്നരാളങ്ങൾ മാതിരി!......

കാലമേവം കടന്നുപോയ്, നവ-
ശ്രീലയൗവനമെത്തവേ,
രണ്ടുമാർഗ്ഗമായന്നൊരന്തിയിൽ-
ക്കണ്ടുമുട്ടിപ്പിരിഞ്ഞു നാം.
ആ ദയനീയരംഗമോർത്തിന്നും
വേദനിക്കയാണെൻ മനം!

എന്തിനയ്യോ, പുതുക്കിടുന്നത-
ബ്ബന്ധമിന്നിയും തോഴി നാം?
ലഭ്യമല്ലല്ലോ നമ്മൾക്കന്നത്തെ-
ശ്ശുദ്ധമാം ഹൃദയോത്സവം!
തന്നിടും മാംസചോദനം നമു-
ക്കിന്നു രക്തവും മാംസവും.
നിന്നെ മന്നിൽ മറക്കകില്ല ഞാൻ
നമ്മളെത്രയകലിലും.
സുന്ദരസ്മൃതി തത്തുമെന്നന്ത്യ-
സ്പന്ദനങ്ങളിൽക്കൂടിയും-
മാമകകലാചോദനങ്ങൾക്കൊ-
രോമനസ്വപ്നമായ നീ;
അല്ലിയന്നൊരെൻ ചിന്തയി,ലേക-
വെള്ളിനക്ഷത്രമായ നീ;

Digitized By Kerala Sahitya Akademi

മാമകാമലഭാവനയിലെ
മാദകപ്രഭയായ നീ;
എന്നുമെന്നും ലസിയ്ക്കുമീവിധ–
മെന്മൃദുമനോവേദിയിൽ!

ഇപ്പ്രണയം തിരസ്കരിച്ചതെൻ
സ്വപ്നമേ, നീ പൊറുക്കണേ!

Digitized By Kerala Sahitya Akademi

## വാടിയ പൂവു കണ്ടിട്ടു

പശ്ചിമാംബരത്തിലെ-
പ്പാടലദ്യുതിനോക്കി
നിശ്ചലമായ് നില്ക്കുന്ന
വാടിയ സൌന്ദര്യമേ,

നിഷ്ഫലബാഷ്പം സ്വയം
നിർഗ്ഗളിച്ചീടും കണ്ണാൽ
പുഷ്പമേ, നിനക്കു ഞാൻ
സ്വാഗതമരുളട്ടേ!

മറയാറായീ വിശ്വ-
മംഗളമണിദീപം
മറയാറായീ നിത്യ-
ഭാസുരതേജഃപുഞ്ജം.

ഹൃദയം മദീയം, ഹാ,
തകരുന്നല്ലോ, ചൊല്ലാൻ
പദമില്ലല്ലോ!—നിന്നോ-
ടെന്തു ഞാനോതീടേണ്ടു?

മധുമാസത്തിൻ രാഗ-
സാന്ദ്രമാമാശ്ലേഷത്തിൻ
മലർവാടികയ്ക്കാദ്യ-
മുണ്ടായ രോമാഞ്ചമേ,

Digitized By Kerala Sahitya Akademi

ഒരു വത്സരംമാത്രം
നിന്റെ ജീവിതം!—കണ്ണീർ
ചൊരിയാതിരിക്കുന്ന-
തെങ്ങനെ?—നിർഭാഗ്യ നീ!

പരിപാവനരാഗ-
സ്മിതസൌരഭം വീശി-
പ്പുരിചിൽപ്പുലർകാല-
ത്തിന്നു നീ വിടന്നപ്പോൾ,

എത്ര പേരാനന്ദാവേ-
ശോൽഫുല്ലചിത്തന്മാരാ-
യെത്തിയില്ലരികിൽ, നിൻ
ശ്രീലസൌഭഗം വാഴ്ത്താൻ!

ഇരുളിൻ കരിമ്പടം
മീതെയിട്ടുറങ്ങിയ
ധരണീദേവിയിന്നു
കണ്ണിണ തുറന്നപ്പോൾ;

മൃദുലാമലമന്ദ-
സ്മിതസുന്ദരമാം നിൻ
വദനം കണികണ്ടു
പുളകംകൊണ്ടീലല്ലീ?

ചന്ദനഗന്ധം പൂശി
നിന്മുഖം നകരുവാൻ
മന്ദമാരുതൻ വീഷ്പ്പി-
ട്ടെത്തി നിൻ സവിധത്തിൽ

Digitized By Kerala Sahitya Akademi

നീലക്കാറൊളിയേലും
വരിവണ്ടുകൾ നിൻെറ
ചേലഞ്ചും സ്മിതം കണ്ടു
രസിച്ചു ചുററുംകൂടി.

മഴവില്ലാശ്ലേഷിച്ച
പൊൻചിറകുകൾ വീശി-
യഴകാളുമച്ചിത്ര-
ശലഭാവലിയെത്തി

ഇല്ലെന്നാലിപ്പോളൊരു
പുൽക്കൊടിപോലും നിന്നെ-
ച്ചൊല്ലി നിശ്വസിച്ചൊരു
കണ്ണുനീർക്കണം തൂകാൻ

കവിയും കദനത്താൽ-
ക്കരയുമൊരു ബാല-
കവിയേ കാണുന്നുള്ളൂ,
ശോകമൂകയാം നിന്നെ!

പക്ഷപാതിയല്ലവ-
നൊരുകാലത്തും, മൂക-
പുഷ്പമേ, നിനക്കവൻ
ശാന്തിനേർന്നിതാ നിൽപൂ!

ഇത്തരം ക്ഷണപ്രഭാ-
ചഞ്ചലവലയങ്ങൾ
നിത്യസൌന്ദര്യത്തിൻെറ
നീണ്ട ശൃംഖല തീർക്കെ;

Digitized By Kerala Sahitya Akademi

ഇല്ല മേ നിരാശത
        തെല്ലുമേ, നവപുഷ്പ-
തല്ലജമിതു വാടി
        വീണുകൊള്ളട്ടേ മണ്ണിൽ!

മിന്നിടും മഴവില്ലും
        മഞ്ഞുതുള്ളിയും, കാന്തി-
ചിന്നിടും പൂവും നോക്കി
        മാഴ്കായ്കെൻമനമേ, നീ!

‘സൌന്ദര്യാത്മകമാകും
        വസ്തുവൊന്നൊരാനന്ദ-
കന്ദമാണെന്നെന്നേക്കു’-
        മെന്നു നീയറിവീലേ?

Digitized By Kerala Sahitya Akademi

## പൂക്കളം

സുപ്രഭാതത്തിൻെറ സുസ്മിതത്തിൽ-
പ്പൊൽപ്പനീർപ്പൂക്കൾ വിരിഞ്ഞിടുമ്പോൾ,

ആനന്ദസ്വപ്നങ്ങൾ പുൽകുമെന്നെ-
യാരോമൽ പൈതൽ വിളിച്ചുണർത്തി.

അപ്പിഞ്ചുചുണ്ടിലാത്മോത്സവത്തിൻ
സ്വപ്നംഗ്രസിച്ചു വിടർന്നു നിന്നു.

അപ്പനിനീരലർത്തുമുഖമെ-
ന്നക്ഷിക്കുമുത്സവമായിരുന്നു.

മഞ്ജുളപുഷ്പങ്ങളുല്ലസിക്കും
മഞ്ജൂഷയൊന്നുണ്ടക്കൈത്തളിരിൽ

അന്നെന്നെപ്പുൽകിയ കാല്യലക്ഷ്മി-
യെന്നെന്നും മന്നിതിൽ മിന്നിയെങ്കിൽ!

* * *

വാരൊളിവെൺകതിർമാലചിന്നി
വാനിൻ ഹൃദയം തെളിഞ്ഞുമിന്നി.

നീരണിച്ചോലകൾ പാട്ടു പാടി
നീളെപ്പൂവല്ലികൾ നൃത്തമാടി.

പുൽക്കൊടിപോലും ശിരസ്സുപൊക്കി-
പ്പുത്തൻപ്രപഞ്ചത്തെയെത്തിനോക്കി.

ആനന്ദപ്പുഞ്ചിരി തൂകിത്തൂകി
മാനുഷഹൃത്തിലുണർച്ച പാകി,

Digitized By Kerala Sahitya Akademi

മാവേലിമാഹാത്മ്യം പാടിപ്പാടി
മാകന്ദമഞ്ജരി തേടിത്തേടി

പാറിപ്പികങ്ങൾ പറന്നു ചാലേ
പാട്ടമാനന്ദങ്ങളെന്നപോലെ!

പൂഞ്ചിറകാട്ടിശ്ശലഭവൃന്ദം
പൂരിതാനന്ദം പറന്നു മന്ദം

മാരിയേറേററു വിറച്ച ലോകം
മാറിത്തെളിഞ്ഞു രചിച്ചു നാകം.

പച്ചപ്പുൽപ്പട്ടാലലംകരിച്ചു
കൊച്ചാററുവക്കുകളുല്ലസിച്ചു.

മഞ്ജുമുകുളമുഖങ്ങൾതോറും
മന്ദസ്മിതാംശുക്കളങ്കുരിച്ചു.

വെള്ളാമ്പൽ വീണ്ടും വയലുതോറും
തുള്ളിക്കളിസ്സുയായ്ത്തുമ്പിപോലും.

കററകളെങ്ങും മെതിച്ചു തീർന്നു
ചിററാട പൂത്തു മണം പരന്നു.

പിച്ചകപ്പൂന്തോപ്പിൽ പിച്ചവെച്ചു
കൊച്ചുകാററങ്ങിങ്ങു സഞ്ചരിച്ചു.

സന്തതം മർത്ത്യനെ തൃപ്തനാക്കാ-
നെന്തെല്ലാം വിശ്വപ്രകൃതി ചെയ്തു!

* * *

അത്തമാണത്തമാണദ്ദിനത്തി-
ലത്തലിങ്ങാലയം വിട്ടുപോണം.

Digitized By Kerala Sahitya Akademi

പത്തുനാളേവക്കും ചിത്തതാരിൽ
മുത്തണിയിക്കുന്നൊരോണമെത്തി!

മുക്കററി, മന്ദാരം, ചെങ്കുറിഞ്ഞി
മററും പലതരപുഷ്പജാലം

പച്ചിലക്കുമ്പിളിലാക്കിപ്പിന്നെ-
ക്കൊച്ചു വിളക്കു കൊളുത്തി മുന്നിൽ,

മുററത്തു നിർമ്മിച്ച പൂക്കളത്തിൽ,
കുററക്കിടാവിട്ടു കൈകൾകൂപ്പി,

മാവേലിവന്നെത്താനാത്തമോദം
കൂവിത്തുടങ്ങുകയായി ബാലൻ.

വെൽക നീ ബാല്യമേ, യൌവനത്തിൻ
കൈകൾനിൻ കണ്ണുപൊത്താതിരിക്കിൽ!! ...

* * *

മാവേലിവന്നെത്തും കാലമായി
പൂവേണിമാക്കു കുതുകമായി.

ഖേലനലോലരായ്ബ്ബാലരെല്ലാം
കോലാഹലങ്ങൾ തുടങ്ങി നീളെ.

പൊൽപ്പോയകാലത്തിൻ പുഞ്ചിരിയി-
ലല്പമിന്നും ബാക്കി നിൽപതല്ലി?

മന്നിനെപ്പുൽകിയുണത്തിടുമി-
പ്പൊന്നോണനാളിൻ പുതുവിലാസം!

Digitized By Kerala Sahitya Akademi

ഭൂതത്തോടൊത്ത നിൻഭൂതിയെറെ-
ഷിഭൂതലംവിട്ടെങ്ങോ പാഞ്ഞൊളിച്ചു.

* * *

ഇത്തരം മുററത്തെപ്പൂക്കളെങ്ങൾ
ചിത്തത്തിലായിരം ചിന്തചേർപ്പൂ.

പണ്ടത്തെ വീരന്മാർ കേരളീയർ
കൊണ്ടാടിപ്പോന്നുള്ളൊരോണനാളേ!

തല്ലിൽ ജയിക്കും തരുണരൊത്തു
വില്ലടിപ്പാട്ടു നടത്തും നാളേ!

ഇപ്പരിഷ്കാരകോലാഹലത്തിൽ
നിഷ്ഫലംതന്നെ നിൻവേണുഗാനം!

മാവേലി വന്നെത്തുമോണനാളേ
ഭൂവിൽ നീ നിന്നാൾ ജയിക്ക ചാലേ!

Digitized By Kerala Sahitya Akademi

## മരണത്തിൻെറ മറവിൽ

അകളങ്കസ്നേഹത്തിൻ തൂമരന്ദ-
മകതാരിലാശു തുളുമ്പിനിൽക്കേ,

അനഘേ നിൻ ധ്യാനത്തിൽമഗ്നനായ്ഞാ-
നനവദ്യാനന്ദം നുകർന്നിരുന്നു.

അതു മമ ജീവിതവാടികതൻ
മധുമാസകാലങ്ങളായിരുന്നു—

ഒരു ഞൊടിയ്ക്കുള്ളിലെൻ ഭാഗ്യതാര-
മിരുളിലെവിടെയോ പോയൊളിച്ചു.

മുകുളങ്ങളെല്ലാം വിടർന്നു വീണു
പികപാളി മാന്തോപ്പു വിസ്മരിച്ചു.

കരിമുകിൽമാല പരന്ന വാനിൽ
കതിരോൻെറ ചെങ്കതിർ തേഞ്ഞു മാഞ്ഞു.

ഇതുവരെക്കമ്രമായ്ക്കണ്ട ലോകം
ഹതഭാഗ്യംമൂലമിരുണ്ടടിഞ്ഞു!

സ്വയനാശിയാകും നിയതിയ്ക്കുള്ള
കയമൊന്നുകൂടിക്കലങ്ങിപ്പൊങ്ങി.

ധൃതിയാളുമെത്രയോ നീപ്പോളക-
ളതിനുള്ളിൽ പൊട്ടിത്തകർന്നിരിയ്ക്കാം.

അവസരമില്ലാത്ത 'കാല'ത്തിനി-
ന്നവയെല്ലാം നോക്കിയിട്ടെന്തു കാര്യം?

Digitized By Kerala Sahitya Akademi

ഒരു പിഞ്ചുചിത്തമുടഞ്ഞുവെങ്കിൽ
കരയുന്നതെന്തിനു ലോകഗോളം?

അതിനേക്കാൾ മീതെയായെത്രകാര്യ-
മതിനുണ്ടനുദിനം ചെയ്തു തീർക്കാൻ?

ചൊരിമണൽത്തൃഷ്ണയ്ക്കൊരങ്കുശമായ്
ചൊരിയുകയാണെൻെറ കണ്ണുനീർ ഞാൻ.

ഗിരിനിരക്കോട്ടതൻ തുഞ്ചിൽനിന്നു
സുരപഥം ചുംബിപ്പൂ വൻതരുവും

ഒരു ഫലമില്ലാത്ത കാട്ടുതാളിൻ
നറുകുമ്പിൽത്തത്തും ജലകണവും

ഒരുപോലടിച്ചു നിലത്തു വീഴ്ത്തും
കരപുടം ചിത്രം പരം വിചിത്രം.

ഒരു ഭാഗം ലോലമാം ബാലിശത്വം
പര,മഹോ, പാരമ്യപാടവത്വം.

ഇവ രണ്ടിൻ മദ്ധ്യത്തിലെത്രനേരം
സവിലാസസത്വം സമുല്ലസിക്കും?

വിവശമെൻ ചിത്തം വിശിഷ്ടചിത്രം
വിരചിച്ചതെല്ലാം വിഫലമായി.

അഴകേറും വാനിൽ ഞാനാഭകൂട്ടാൻ
മഴവില്ലിനേറെനാൾ നിന്നുകൂടേ?

പരിമളപൂരം പകർന്നുകൊൾവാൻ
പിരിമലരെന്നെന്നും മിന്നിക്കൂടേ?

Digitized By Kerala Sahitya Akademi

ശരി, ശരി, ശൂന്യതയില്ലയെങ്കിൽ
പരിപൂർത്തിയെന്താണെന്നാരറിയും?

ഇരുളെന്നൊന്നില്ലാഴ്കിൽ പൂനിലാവിൻ
തെളിമയറിഞ്ഞിടാൻ സാദ്ധ്യമാണോ?

നിലയററെൻ നിശ്വാസം നീണ്ടു നീണ്ടു
നിയതിതന്നാഴമളന്നൊടുവിൽ

ഒരു രാഗനാളമായ് നിന്നടുക്കൽ
വരുവോളം കാക്കവേണോമലേ ഞാൻ!... ...

Digitized By Kerala Sahitya Akademi

## വീണ്ടും വെളിച്ചം

ഏതോ വിദൂരവിജനതയിങ്കൽനി-
ന്നേറെ നാഠംകൂടിയിട്ടെന്മുന്നിലെത്തി നീ.

കട്ടം പ്രതീക്ഷിച്ചിരുന്നില്ലിനിക്കണ്ടു-
മുട്ടുവാൻ നിന്നെയിടയാകുമെന്നു ഞാൻ.

ഇന്നു ഞാനല്പവുമോർത്തിരിക്കാതിതാ
വന്നു നീ നിൽക്കയാണിപ്പൂവനികയിൽ.

പ്രാണൻ കുളിക്കുന്നു കാനനപ്പച്ചയി-
ലോണനിലാവു പരന്നതുമാതിരി!

പോയപ്പൊളെന്നോടൊരൊററവാക്കോതുവാൻ-
പോലും തുനിയാഞ്ഞതെന്തുകൊണ്ടാണു നീ?

അത്രയ്ക്കുമാത്രം പരിഭവം തോന്നുവാ-
നല്പവും നിന്നോടു തെററു ചെയ്തില്ല ഞാൻ.

നി പോയനാഠം മുതലിന്നോളമെന്മനം
നീറിയിരുന്നതറിഞ്ഞുവോ നീ സഖി?

പണ്ടു നാം മേളിച്ച പൂങ്കാവനങ്ങളും
ചെണ്ടിട്ടു നിന്ന ലതാനികുഞ്ജങ്ങളും

സ്വപ്നമരീചിയിൽ മുങ്ങി, നീയന്തിക്കു
വന്നിരിക്കാറുള്ള താഴ്വരപ്പച്ചയും;

ഒക്കെയൊരോന്നററുനോക്കി,സ്സഹിക്കുവാ-
നൊക്കാതെ നിന്നെത്ര പൊട്ടിക്കരഞ്ഞു ഞാൻ!

Digitized By Kerala Sahitya Akademi

നീ പോയമാത്രയിൽ പോയി നിന്നോടൊത്തു
നീളെയിങ്ങെല്ലാം വഴിഞ്ഞ സുഷമകൾ.

ഇങ്ങുള്ളവയിൽസ്സമസ്തവും നീയാണു
ഭംഗിയും കാന്തിയും നൽകിയിരുന്നവൾ

നിന്നഭാവത്തിൽ നിലച്ചിതവയുടെ
നിർമ്മലാകർഷണശക്തികൾ സർവ്വവും.

എത്തി തിരിച്ചു നീയിന്നി,ന്നിതാ, തിരി-
ച്ചെത്തീയവയിലവയുടെ ശോഭയും!

ഏറെനാളായിട്ടിരുണ്ട പരിസരം
ചാരുപ്രഭാമയമാകുന്നു പിന്നെയും.

പണ്ടത്തെ ഞാൻതന്നെയായി ഞാൻ, ലോകവും
പണ്ടത്തെതന്നെയായ് നിൽക്കുന്നു മുന്നിൽ മേ!

അത്ഭുതംതന്നെയാണോർത്താലിതിനിത്ര
ശക്തി,യെന്തെ,ങ്ങുനിന്നെപ്പൊളാർജ്ജിച്ചു നീ?

മായികേ, മാഴ്കുവാനെത്ര യത്നിക്കിലും
മായുന്നതില്ല നിൻ ചിത്രം!—മടങ്ങി ഞാൻ!!


Digitized By Kerala Sahitya Akademi

## വിയോഗഭൂവിൽ *

വിശ്രമത്തിൻെറ തണലിലിസ്സ്വപ്നങ്ങൾ
വിസ്മരിച്ചേയ്ക്കൂ സമസ്തവും തോഴി, നീ!
തമ്മിൽപ്പിരിയാം നമുക്കീയവസാന-
ചുംബനത്തിൻെറ ഹൃദയത്തുടിപ്പുമായ്.

നമ്മിലുറങ്ങിക്കിടക്കുമഴലിനെ-
ക്കണ്ണീർ തളിച്ചു വിളിച്ചുണർത്തൊല്ല നീ.

ഓടക്കുഴൽ വിളിച്ചാനന്ദനർത്തന-
മാടിയണഞ്ഞൊരത്തങ്കക്കിനാവുകൾ.

വന്നപോൽത്തന്നെ പിരിഞ്ഞുപോയ്, ഇജ്ജീവിത-
നന്ദനത്തിൻെറ മധുമാസരാത്രിയിൽ!

ഭഗ്നാനുരാഗപ്പുതപ്പിനാ,ലോമൽതൻ
നഗ്നത മേലിൽ മറച്ചുപിടിയ്ക്കൂ നാം.

ഉദ്യമത്തേക്കാൾ വിനോദമാക്കീടുകീ-
യുദ്വേഗദമാമനുരാഗനാടകം.

---

* ശ്രീ. ഇടപ്പള്ളി ആർ. രാഘവൻപിള്ളയുടെ ആത്മഹത്യയ്ക്കു് ഒരാഴ്ചമുമ്പ്, അദ്ദേഹത്തിനുണ്ടാകാവുന്ന മാനസാന്തരം ഈ രീതിയിലായിരിയ്ക്കുമെന്നു സങ്കല്പിച്ച് എഴുതിയിട്ടുള്ളതാണ് ഈ പദ്യം. പക്ഷേ, എൻെറ സങ്കല്പത്തിനോ, അനുമാനങ്ങൾക്കോ നേരേ വിരുദ്ധമായിപ്പോയി അനുഭവം—

Digitized By Kerala Sahitya Akademi

ശോകാത്മകാന്തമായ്ത്തീരുമിതെന്നതും
ഹാ, കഷ്ട,മാരന്നറിഞ്ഞിരുന്നു, സഖി?
വേദാന്തവേണുവിൽക്കൂടി ഞാൻ പാടുമീ-
വേദനാഗാനമിനിമേലൊരിക്കലും,
കട്ടിപ്പിടിയ്ക്കാനിടയാകുകില്ല, നിൻ
പട്ടുപോലുള്ളൊരപ്പിഞ്ചുമനസ്സിനെ!

കഷ്ടം, കൊതിച്ച തണലിലെപ്പുൽക്കൊടി
പൊട്ടിച്ചെടുക്കാൻ തരുത്തലത്താരിനെ.
ചുററു,മസൂയയാൽ കൂർത്ത മുഖവുമായ്-
ക്കററം പറഞ്ഞിതാ മുൾച്ചെടിച്ചാർത്തുകൾ.
എന്നാലുമച്ചത്തിൽനിന്നു,നുകമ്പതൻ
കണ്ണുനീർത്തുള്ളിയപ്പുൽത്തുമ്പിൽ വീഴ്ത്തി നീ.
ചേണുറെറാരാ ബിന്ദു രാഗോദയത്തിൻെറ
മാണിക്യഖണ്ഡമായ് മാറിയ കാരണം,
അക്കൊച്ചുപുൽക്കൊടിയേതോ നവോജ്ജ്വല-
സ്സ്വച്ഛചൈതന്യം മുകർന്നിതരക്ഷണം.
സാഹസമാണതെന്നാകിലോ, നിർമ്മല-
സ്നേഹപ്രസന്നേ, സദയം പൊറുക്കണേ!
ആശംസിച്ചല്ലോ പലപ്പൊഴും, നീയെൻെറ
ശാശ്വതനിർവൃതിയാകുമെന്നോർത്തു ഞാൻ!
വെള്ളിനക്ഷത്രമേ, നീയടുത്തുള്ള നാൾ
തുള്ളിത്തുളുമ്പിയിരുന്നു മന്മാനസം.

Digitized By Kerala Sahitya Akademi

ഇന്നിതാ വേർപെട്ടുപോകയാണോമലേ
കണ്ണീരിലെന്നെക്കുളിപ്പിച്ചുകൊണ്ടു നീ.
പോവുക, പോവുക നിത്യാനുഭൂതികൾ
പൂവിരിച്ചീടട്ടെ നിൻ ജീവിതവീഥിയിൽ!

രണ്ടു നിർവ്വാണങ്ങളേതോ സുരമലർ-
ച്ചെണ്ടുപോലെന്മുന്നിൽ മിന്നിയിന്നോളവും
കണ്ടു നിൻപ്രേമ,മപരമൊരാനന്ദ-
ത്തുന്ദിലസൌഹൃദം—രണ്ടും മനോഹരം!
അസ്സൌഹൃദത്തെ നിൻപ്രേമവും, നിൻപ്രേമ-
മസ്സൌഹൃദവുമറിവു പരസ്പരം.
ഇന്നവയിങ്കൽനിന്നൊന്നിതാ പോകയാ-
ണെന്നേയ്ക്കുമായിപ്പിരിഞ്ഞെന്നെ നിർദ്ദയം.
നൊന്തുനൊന്തയ്യോ ദഹിക്കുയാണൊന്നതു
ചിന്തിച്ചിടുമ്പൊഴേയ്ക്കെൻമന,മോമലേ!
അസ്സൌഹൃദത്തിനെയല്ലാതെയാരെ,യീ
നിശ്ശബ്ദദുഃഖമിനിയറിയിപ്പു ഞാൻ?
പ്രേമം മധുരം, മനോഹരം, പക്ഷേ,യാ-
പ്രേമനൈരാശ്യമൊരുൽക്കടസങ്കടം.
അന്ത്യത്തിലശ്രു വാർത്തീടുവാനാണെങ്കി-
ലെന്തിനു നാമിദം സ്നേഹിച്ചു നിഷ്ഫലം?......

ചേലിലെൻപ്രേമസപത്നിയല്ലിനി-
മേലിലെൻ കൊച്ചുസഹോദരിയാണു നീ!

Digitized By Kerala Sahitya Akademi

ഇന്നോളമുള്ളെൻ സമസ്തചാപല്യവു-
മൊന്നായിനി നീ മറക്കുവാൻ നോക്കണേ!

വിസ്മൃതികൊണ്ടു നാം മൂടിയാൽക്കൂടിയും
വിട്ടകന്നീടാത്ത നിർവ്വാണവീചികൾ,

ഹന്ത, നാമൊന്നല്ല രണ്ടല്ലൊരായിരം
സ്വന്തമാക്കിത്തീർത്തു ജീവിതവീഥികൾ.

യാത്ര പറകിലും നമ്മൾക്കിവിടെവെ-
ച്ചാത്മക്ഷതങ്ങൾക്കവകാശമില്ലിനി.

എന്നുതന്നല്ലീ വ്യതിയാനരംഗത്തി-
ലെന്തുകൊണ്ടാവോ കൃതാർത്ഥനാകുന്നു, ഞാൻ.

എങ്കിലും തോഴീയിതു പറയുമ്പൊഴു-
മെൻകരൾ വീണ്ടും തുടിയ്ക്കുയാണെന്തിനോ!

നീയറിയാത്ത പലേ കനൽക്കട്ടകൾ
നീറുമതിനുള്ളിലിപ്പൊഴുമെപ്പൊഴും

കണ്ണുനീരല്ലാതൊരൊററസ്ഥിതവുമി-
ല്ലെന്നുപഹാരമായേകാൻ നിനക്കിനി!

താരകച്ചാർത്തിൽ നിനക്കു മൽസ്പന്ദനം
നേരിട്ടു കാണാമിരുണ്ട നിശകളിൽ.

നിത്യവുമെൻെറ തണുത്ത നിരാശ പ-
ന്നെത്തിടും മൂടൽമഞ്ഞായി നിൻവീഥിയിൽ.

മൽപ്രേമശുദ്ധിതൻ സാത്വികസിദ്ധിയാൽ
സുപ്രഭാതങ്ങൾ കൊളുത്തുമുണർച്ചകൾ.

Digitized By Kerala Sahitya Akademi

തെന്നലിലൂടെയെൻ കമ്പിതോൽക്കണ്ടെത-
ന്നന്വേഷണങ്ങളുണ്ണായും നിരന്തരം.
എന്നും തുളുമ്പും സുഗന്ധമായ്പ്പൂക്കളിൽ
നിന്നിലെനിയ്ക്കുള്ളൊരോമൽപ്രതീക്ഷകൾ.
കൊച്ചുകാട്ടാറിൻ കളകളമായി വ-
ന്നെത്തും നിനക്കടുത്തെൻശുഭാശംസകൾ.
എന്നിരുന്നാലും കനിവെന്നിലുണ്ടെങ്കി-
ലെന്നെ നീ മേലിൽ മറക്കുവാൻ നോക്കണേ!

സങ്കല്പചിത്രം വരച്ചുപോലും സ്വയം
പങ്കം പുരട്ടുകയില്ലിനി നിന്നിൽ ഞാൻ.
ചത്ത ഭാഗ്യത്തിൻ ചിതാഭസ്മവുംകൂടി
വിട്ടുതരുന്നു നിനക്കു ഞാൻ, നിർമ്മലേ!
ഹന്ത, നിന്നോർമ്മയ്ക്കുനിയ്ക്കുന്നമെന്റെയീ
നൊന്തുനൊന്തുള്ള മനസ്സു മാത്രം മതി!......

കണ്ടുമുട്ടാനിനിയൊക്കാത്ത മാതിരി
രണ്ടു വഴിയായ് പിരിയുകയാണു നാം!
ഈ വിയോഗത്തിൽദ്ദഹിയ്ക്കണം നമ്മുടെ
ജീവിതത്തിങ്കലെസ്സർവ്വരഹസ്യവും!
മാമകസ്മാരകമായൊരു നേരിയ
രോമഹർഷംപോലുമാജ്ജിയ്ക്കരുതു നീ!
സർവ്വവും വിങ്ങി വിറങ്ങലിച്ചിപ്പൊഴീ
നിർവ്വികാരതത്തിൽ വീണടിഞ്ഞീടണം!

Digitized By Kerala Sahitya Akademi

പോകൂ, പിരിയൂ, മറയൂ—തവ ഭാഗ്യ-
കോകിലം കൂകിത്തുടങ്ങീ—വസന്തമായ്!

എല്ലാം പൊറുക്കൂ, മറക്കൂ, സഹോദരീ
പൊള്ളയായുള്ളൊരിപ്പുല്ലാംകുഴലേ നീ!!

Digitized By Kerala Sahitya Akademi

# മറക്കരുത്

രാഗവിവശനാമെന്നെപ്പിരിഞ്ഞിന്നു
പോകയാണോ നീ വിഷാദവിലാസിനി?

രാവും പകലും പിരിഞ്ഞിടാതിത്ര നാൾ
മേവി ഞാനൊത്തെൻ കളിത്തോഴിയായി നീ.

കണ്ടു രസിച്ചു കൈകോർത്തിരുന്നെത്രയോ
ചെണ്ടിട്ടു ചെണ്ടിട്ടടർന്ന ദിനങ്ങൾ നാം!

കാലമാം നൂലിൽ നിൻ ചിന്തകളാലെത്ര
മാല കൊരുത്തെനിയ്ക്കേകി നീ, മായികേ?

മാനസമിന്നും നുകരുകയാണതിൻ
മായാതെ നിൽക്കും മധുരപരിമളം!

ഏകാന്തതതൻ കനകവിപഞ്ചിയിൽ
നീ കൈവിരൽത്തുമ്പുരുമ്മിയ മാത്രയിൽ,

അന്ധകാരത്തിലുംകൂടിയൊരത്ഭുത-
ഗന്ധർവ്വമണ്ഡപമായി മന്മന്ദിരം!

പൂക്കളിൽക്കൂടിച്ചിരിച്ചു വിടർന്നെന്നെ
നോക്കിക്കുണുങ്ങിയെൻമുററത്തു നിന്നു നീ.

പൂമ്പാററകളാൽ പുടവയിലൂകിയെൻ
പൂങ്കാവനത്തിലലഞ്ഞു നടന്നു നീ.

Digitized By Kerala Sahitya Akademi

ഉദ്രസം പൊന്നിൻകിനാവുകളായെൻറം
നിദ്രയെക്കെട്ടിപ്പിടിച്ചുമ്മവെച്ചു നീ.
എന്തിനിന്നോളമെൻ പ്രാണനായ്ത്തന്നെയെ-
ന്നന്തികത്തിങ്കൽ നീ വാണു, വിലാസിനി!

നീയറിയാതല്ലൊരൊററ രഹസ്യവും
നീറിപ്പുകയുമെൻ ജീവിതവേദിയിൽ
നമ്മളൊന്നിച്ചു നുകന്നു ലോകത്തിലെ
നന്മയും തിന്മയും മൌനമായിത്രനാൾ.
നിന്നിലലിഞ്ഞു ഞാ,നെന്നിലലിഞ്ഞു നീ
നിന്നിതമ്മട്ടൊരു നിർവൃതിയിങ്കൽ നാം!

ഒട്ടും കരുതിയിരിയ്ക്കാതെ പെട്ടെന്നു
വിട്ടുമാറുന്നുവോ നീയെന്നെ മോഹിനി?
എന്നിനിക്കാണും?—വിദൂരത്തിലെത്തിയാ-
ലെന്നെ നീയക്ഷണം വിസ്മരിയ്ക്കില്ലയോ?
പോകാതെയില്ല തരമെങ്കി,ലങ്ങനെ-
യാകട്ടെ—പക്ഷേ, മറക്കരുതെന്നെ നീ!!

Digitized By Kerala Sahitya Akademi

തിരുവനന്തപുരം

## ആർട്ട്സ് കോളേജിൽ

സല്ലാപത്തിന്നൊരുങ്ങിക്കമലജ കലഹം-
 വിട്ടു വാഗ്ദേവിയോടൊ-
ത്തുല്ലാസം * * * വാന്നരികിലിരുവശം
 ചേൎന്നിന്നും പുണന്നും,
കല്യാണം കൈവളൎന്നും, നിയമപടുതതൻ-
 വെൺപുകഴ്പ്പൂനിലാവിൽ
കല്ലോലച്ഛാത്തുതിൻ മഹിമയുടലെടു-
 ത്തുള്ള മള്ളൂർ ജയിപ്പൂ!

നിത്യം, സൌഭാഗ്യകല്പദ്രുമനിബിഡതയാൽ
 നന്ദനത്തെജ്ജയിച്ചി-
ട്ടുത്തുംഗാമോദമോലും തവ ശിശിരിതസൽ-
 ജീവിതാരാമഭൂവിൽ
എത്തിപ്പാടട്ടെ ചഞ്ചൽച്ചിറകുകളു * തിർ -
 ന്നായുരാരോഗ്യ,മെന്നും
നൃത്തം ചെയ്യട്ടെ മൊട്ടിട്ടനുപമവിഭവ-
 ശ്രീമണിപ്പൊൻകിനാക്കൾ!

മാതാവേ, മഹിതോൽക്കടപ്രതിഭതൻ
 സങ്കേതഭൂവേ, ജയ-
ശ്രീതാവും ചരിതോജ്ജ്വലേ, മമ കലാ-
 ശാലേ ജയിക്കുന്നു നീ!

Digitized By Kerala Sahitya Akademi

സ്ഥിതാശം തവ കാൽക്കലെൻ സഹജരും
ഞാനും സമപ്പിക്കുമീ-
യേതാനും ചില കാട്ടുപൂക്കൾ സദയം
കൈക്കൊൾക നീയംബികേ!

2

സഹസ്രവിദ്യാത്ഥികൾ തൻ പഠിപ്പാം
സഹാറപോലുള്ള മണൽപ്പുരപ്പിൽ
സഹായമായിന്നു സമുല്ലസിക്കും
സഹസ്രനാമയ്യർ ജയിക്ക മേന്മേൽ!

എന്നും നിൻ പുകൾപൊങ്ങുമാറതുലമാം
വിജ്ഞാനസമ്പൂത്തിതൻ
പൊന്നോടക്കുഴലൂതിയൂതി വിലസും
നിന്നഗ്രിമാരാധകൻ
ധന്യൻ, സൽഗുണപൂണ്ണ,നദ്വിജവരൻ
സൌമ്യൻ സഹസ്രാഭിധൻ
മിന്നുന്നു തവ മുന്നിൽ നിൻ ഹൃദയമാം
വിണ്ണിൻ കലാനായകൻ!

സാഹിത്യക്ഷീരപാരാന്നിധിയി,ലനുപമ-
ശ്രീവിലാസത്തിൽ, മത്ത്യർ-
ക്കുഹിക്കാൻപോലുമാകാത്തൊരു നിശിതമഹാ-
ബുദ്ധിശക്തിത്തഴപ്പിൽ,

Digitized By Kerala Sahitya Akademi

സ്നേഹത്തിൻ പൊൻതിടമ്പായ് വിമലതരയശോ-
    രാശിയായ് മന്നിലാരും
മോഹിക്കും ജ്ഞാനഭാഗ്യത്തികവിലലമന-
    ന്താഭിധൻ ലാലസിപ്പൂ!

അനല്പഭക്ത്യാദരപൂർവ്വമങ്ങ-
യ്ക്കാശിസ്സു നേരുന്നു കിടാങ്ങൾ ഞങ്ങൾ
അനന്തഭാഗ്യങ്ങൾ ഗുരോ ഭവാനി-
ന്നാതിത്ഥ്യമേകാനണയട്ടെ മേന്മേൽ.

സാമർത്ഥ്യമോടു സതതം മലയാളഭാഷാ-
സാഹിത്യസത്തമസമാജരഥം സഹർഷം
സാരസ്യമാർന്നു വഴിപോലെ നയിച്ചു നിത്യ-
സാരസ്വതാർത്ഥി, വിജയിക്കുക കേശവാഖ്യൻ!

ശ്രീമദ്സൌഹൃദദീപ്തി വീശി വികസി-
    ച്ചീടും മയൂഖങ്ങളേ
പ്രേമപ്പൊയ്കയിൽ നീന്തി നീന്തി വിഹരി-
    ച്ചീടും മരാളങ്ങളേ!
ഹാ, മൽപ്രാണസഖാക്കളേ, സഖികളേ
    സൌഭാഗ്യസമ്പൽസുഖ-
ക്ഷേമാരോഗ്യജയോന്മദങ്ങൾ നിഖിലം
    നിങ്ങൾക്കു നേരുന്നു ഞാൻ!

Digitized By Kerala Sahitya Akademi

# പൈതൽ

തേനൊലിക്കുളിർച്ചുണ്ടു വിടുർത്തി നൽ-
പ്പനിലാവൊളിപ്പുഞ്ചിരിതൂകിയും,
സാരമില്ലാത്തതെങ്കിലുമെത്രയും
സാരസ്യമോലും വാക്കുകൾ കൊഞ്ചിയും,
ലാലസിക്കുന്നിതങ്കണത്തിങ്കലായ്
ലീലയിലാണ്ടൊരോമനപ്പൂംപൈതൽ
കണ്ണിനാനന്ദമേകാനിതിൽപരം
നിർണ്ണയം മന്നിലില്ല മറെറാന്നുമേ!

പച്ചിലകൾ കടിച്ചു ചാഞ്ചാടിയും
കൊച്ചാടിൻകുട്ടിയുണ്ടു കൂട്ടാളിയായ്.
മാമരച്ചില്ലുതോറും പറക്കുന്ന
കോമളങ്ങളാം മഞ്ഞക്കിളികളെ,
ചെന്നു മന്ദം പിടിച്ചെടുത്തീടുവാ-
നന്നിടുന്നു വിഫലമായിട്ടവൻ!

മുന്നിൽ പാറിക്കളിക്കും പൂമ്പാററതൻ
പിന്നിലൂടെ പതുങ്ങി നടക്കിലും,
ഒട്ടുനേരം കഴിയവേ തൻ കയ്യിൽ
കിട്ടിടാതവൻ പിന്മടങ്ങീടുന്നു.

Digitized By Kerala Sahitya Akademi

ശാന്തസുന്ദരം, ദൂരിതപങ്കിലം
ഹന്ത! ബാല്യമതിൻ മധുരാനനം!

ഏതുനേരത്തുമാനന്ദമല്ലാതെ
ചേതസ്സിലവനില്ലല്ലലല്പവും
വെൽക, വെൽക, നീ ശൈശവകാലമേ!
വെൽക, വെൽക, നീയാനന്ദധാമമേ!

Digitized By Kerala Sahitya Akademi

## വസന്തത്തിനോട്

വസന്തം വന്നുപോയ് വസന്തം വന്നുപോയ്
വസുമതി നവവിലാസിനിയായി.

വിലസിതങ്ങളാം വിരിമലർചൂടി
വിളങ്ങുകയായി വിപിനവീഥികൾ!

മരങ്ങളേതാനും തളിർത്തു മററുള്ള
തരുലതാദികളഖിലവും പൂത്തു.

കുളിർത്ത നീർത്തുള്ളി വഹിച്ചലഞ്ഞിട-
മിളങ്കാററിലെങ്ങും പരന്നു പൂമണം.

മരന്ദപാനത്തിൽ മതിമറന്നെങ്ങും
മുരണ്ടു മണ്ടിനാർ വിരണ്ട വണ്ടുകൾ.

തളിർത്ത തേന്മാവിൻ പടപ്പിങ്കൽത്തത്തി-
ക്കളിച്ചു കാകളി പൊഴിച്ചു പൂങ്കുയിൽ.

ഹരിതനീരാളം പുതച്ചു മിന്നുന്ന
പരന്ന മൈതാനം പരമശോഭനം

ഇളവെയിലിന്റെ കനകകാന്തിയിൽ
കളിച്ചിളകിനാർ ചെറുതേനീച്ചകൾ.

തരംഗപാളിയാം വിപഞ്ചികമീട്ടി-
ത്തരംഗിണീഗണം തളന്നൊഴുകുമ്പോൾ

Digitized By Kerala Sahitya Akademi

അതിനവമാകുമൊരു ചൈതന്യത്തിൻ
കതിരുകൾ കാൺമൂ പ്രകൃതിയിലെങ്ങും.

അതുലാനന്ദത്തിൻ നിലയനമായി-
ട്ടിതുപോലെന്നെന്നുമിരിയ്ക്കാവൂ ലോകം!

വരാഭവാന്നൊരീ വസുധയെ വിട്ടു
പിരിഞ്ഞിടായ്ക നീ വസന്തകാലമേ!!

Digitized By Kerala Sahitya Akademi

# തുഹിനബിന്ദു

ബാലവേ വാനിൽ കൃപാകണമൊന്നതാ
നീലതൃണത്തിലടൎന്നുവീണു.

കാണിനേരംകൊണ്ടതെത്രയും കാന്തമാം
മാണിക്യഖണ്ഡമായ് മാറിപ്പോയി.

കമ്രകരങ്ങളാലായതു ചുംബിച്ചു
സമ്മോദനീയനാം കമ്മസാക്ഷി.

അംബരദേവിതൻമാൎത്തട്ടിൽനിന്നൂൎന്നു
ചെമ്മേ പതിച്ചതാം താരംപോലെ—

കാനനലക്ഷ്മിതൻ കാൽത്തളതന്നിലെ-
ക്കാഞ്ചനഖണ്ഡം പതിച്ചപോലെ—

ശൎമ്മധരാംബതൻ നെററിത്തടത്തിലെ
രമ്യമാം ഘൎമ്മാംബുവെന്നപോലെ—

സൂനസുഗന്ധിയാമാരാമദേവിത-
ന്നാനന്ദത്തിൻെറ കണികപോലെ—

ലീലയാ വാനവൎവൂഴിയിലിട്ടോരു
ലോലമാം രത്നപ്രകാണ്ഡംപോലെ

നീഹാരലേശമേ! നീ വിളങ്ങീടുന്നു
മോഹനസൌവൎണ്ണവിഗ്രഹാഭൻ!
ലാവണ്യകന്ദമേ, നിന്നിലുൾച്ചേൎന്നല്ലോ
ഭൂവിലെ മഞ്ജിമയാകമാനം.



Digitized By Kerala Sahitya Akademi

എങ്ങിനെ ചിത്രീകരിച്ചിടാം നിന്നുടെ-
യംഗമെൻ വാങ്മയതൂലികയാൽ?

അല്പസമയത്തിനുള്ളിൽ നീ, മര്ത്ത്യ,യി-
പ്പൊൽപ്രഭ മങ്ങിമറഞ്ഞുപോകാം.

എങ്കിലെന്തെത്രയോ കാമ്യം നിൻജീവിതം
പങ്കിലദൂരിതമംഗലാഭം!

മന്നിൽ മറക്കാത്ത മഞ്ജിമ തൂകിനീ
മിന്നി;—മറയുക ധന്യയായ് നീ!

Digitized By Kerala Sahitya Akademi

## വ്യതിയാനം

അന്നത്തെ രാത്രിയുമാ നദീതീരവും
മന്ദഹസിക്കുന്ന പൂനിലാവും

വിണ്ണിനു രോമാഞ്ചമുണ്ടായരീതിയിൽ
മന്ദഹസിക്കുന്ന താരകളും

പച്ചിലച്ചാർത്തിനെപ്പയ്യെച്ചലിപ്പിച്ചു
പിച്ചവെച്ചെത്തുന്ന കൊച്ചുകാറ്റും

ഓരോരോ വല്ലികൾ പൂത്തുപൂത്തെമ്പാടു-
മോളം തുളുമ്പും പരിമളവും

നാണം കുണുങ്ങിക്കൊണ്ടെന്നോടു ചേർന്നമ-
ന്നാനനം താഴ്ത്തിയിരുന്ന നീയും!—

ഓർക്കുന്നുണ്ടോർക്കുന്നുണ്ടാ രംഗമിന്നും ഞാൻ
വാഴ്കും നിരാശ വിലക്കിയിട്ടും—

അന്നെല്ലാമോമലേ, ലോകം നമുക്കൊരു
സുന്ദരസംഗീതമായിരുന്നു.

കാണുന്നതൊക്കെക്കവിതയും ജീവിതം
കാനനപ്പച്ചയുമായിരുന്നു.

ഇന്നെന്തൊരന്തരം!—നൊന്തിടുന്നില്ലയോ
നിന്മനമിന്നതൊന്നോർത്തിടുമ്പോൾ?

അല്ലെങ്കിലും സഖി, ലോകത്തിലൊന്നിനു-
മില്ലൊരു ശാശ്വതഭാവമെന്നും.

Digitized By Kerala Sahitya Akademi

എല്ലാം ചപലങ്ങൾ മായികസ്വപ്നങ്ങ-
ളെല്ലാം ചലനവിധേയകങ്ങൾ!
കട്ടുമിതൊക്കെയൊന്നോർക്കുമ്പോളാരെയും
കുററപ്പെടുത്തുവാനില്ല നമ്മൾ!
കഷ്ടമീ നമ്മുടെ ജീവിതംതന്നെയൊ-
രുത്തരം കിട്ടാത്ത ചോദ്യചിഹ്നം.
കാണുമവപോലും യഥാർത്ഥങ്ങളല്ലെങ്കിൽ
കാണാത്തതിൻ കഥയെന്തു പിന്നെ?
സങ്കല്പലോകത്തു ചെന്നെന്നിരിക്കിലും
സങ്കടം തോന്നുമിതൊക്കെയോർത്താൽ.
പിന്നെയിവറ്റു നടുക്കു കിടപ്പവ-
നെങ്ങിനെ കണ്ണിണ തോന്നുകിട്ടും?
വേദാന്തമൊക്കെയും പോകട്ടെ വീണ്ടുമെൻ
വേദനതന്നെ തുടന്നിടട്ടെ.....

മത്സഖി, നീ മമ പ്രാണനാളത്തിലൊ-
രുത്സവമായിനിയായിരുന്നു!
ഇന്നൊരു ധൂമികയായി നീയെങ്കിലു-
മന്നൊരു വെണ്ണിലാവായിരുന്നു!
ആ നല്ലനാളിനിയോർക്കാതിരിപ്പാനായ്
ഞാനെത്ര യത്നിച്ചുനോക്കിയെന്നോ!
ആവുന്നതില്ലെനിയ്ക്കുത്രയ്ക്കുമേലതെൻ
പ്രാണനിലൊട്ടിപ്പിടിച്ചുപോയി.

Digitized By Kerala Sahitya Akademi

എന്മനസ്സ്പന്ദനംതോറുമച്ചിന്തതൻ
മന്ദസ്മിതം ചേർന്നലിഞ്ഞുപോയി.

തപ്തസ്മൃതികളൊത്തങ്ങിങ്ങിരുന്നിനി
പൊട്ടിക്കരയാം നമുക്ക മേലിൽ.

ഉന്മാദനൃത്തം നടത്തേണ്ടനുഭവ-
പ്പൊന്മലർക്കാവിൽ കടന്നു നമ്മൾ!

മന്നിലവട്ടയൊന്നുംകൂടാതെത്തന്നെ നാ-
മന്യോന്യബന്ധിതരായതല്ലേ?

അങ്ങിങ്ങു വേർപെട്ടു പോകിലെന്താ ബന്ധ-
മങ്ങിനെ പെട്ടെന്നഴിവതാണോ?

ഇല്ലില്ലഴിയുകയില്ലതു തോഴീ നാ-
മുള്ളഴിഞ്ഞെത്രമേൽ നോക്കിയാലും.

ചിന്തയ്ക്കനർഘമാം ശുദ്ധോന്മദത്താല-
തെന്തിനു വീണ്ടും പുതുക്കണം നാം?

എന്നോടൊരല്പം കനിവുണ്ടെന്നാലതി-
നെന്നെ നീ മേലിൽ ക്ഷണിക്കരുതേ!

എന്തെല്ലാം മാററങ്ങൾവന്നാലുമെന്നെന്നു-
മെന്തിലും മീതെ ഞാൻ നിന്നെയോർക്കും.

ജീവനെക്കൂടിയുമേതുകാലത്തും നിൻ
സേവനത്തിനു ഞാൻ കാഴ്ചവെയ്ക്കും!

ആകയാൽ ഞാനിടം വേർപെട്ടുപോവതോർ-
ത്താകുലപ്പെട്ടിടായ്കോമലേ, നീ!

Digitized By Kerala Sahitya Akademi

നിശ്ചയം സ്നേഹിക്കാനാവുമെനിക്കൊരു
കൊച്ചനുജത്തിയെപ്പോലെ നിന്നെ!
ആരാധിക്കാം തമ്മിൽ സൌഹൃദപ്പൂക്കളാൽ
വേറിട്ടിരുന്നു നമുക്കിനിമേൽ!

Digitized By Kerala Sahitya Akademi

# സ്മരണ

കലിതമോദമെൻ മൃദുലജീവിത-
കലികയേക്കാത്ത നിലയമേ!

തരളിതോൽഫുല്ലധവളകോമള-
സുരഭിലലോലമലരുകൾ

തുരുതുരെത്തൂങ്ങും തരുനിരചുറ്റും
പരിലസിച്ചീടും സദനമേ!

വിലസിയില്ലല്ലി വിഗതസന്താപ-
മൊരു കാലത്തു നിൻമടിയിൽ ഞാൻ.

രജതകല്ലോലമിളിതമായ് മന്ദം
കളഗാനം പാടിയൊഴുകിടും

കുളിർസരിത്തേ, നിൻ കരയിലെൻ ബാല്യ-
കുസുമകാലങ്ങൾ നടമാടി.

മഹിതസൌഭാഗ്യമയമായ് മിന്നിയ
മധുരവാസരതതികളേ!

അരിയവാത്സല്യത്തികവും ദിവ്യമാം
പരമനിർമ്മലപ്രണയവും

ഒരുമിച്ചുൾക്കൊണ്ടു പരിചിൽ നിങ്ങള-
ന്നനഘശാന്തിയിൽ മുഴുകവേ,

സതതം നിങ്ങൾതൻ നിർഘനിസ്തുല-
തരളസംഗീതകലവികൾ

Digitized By Kerala Sahitya Akademi

അനഘമാനന്ദമധുരമൂർച്ഛയിൽ
മുഴകിപ്പിച്ചിതെൻ ഹൃദയത്തെ.

അവിടെനിന്നൊരു പരുഷമാം ചണ്ഡ-
പവനനെന്നപോലതിവേഗം

കൊടിയ ദുർവ്വിധി വരവായെന്നാത്മാ-
വുടനിരുളിലേയ്ക്കൂടിയുവാൻ.

ഇതുവിധമെന്നെ വിരലിലാകർഷി-
പ്പതിനു നിങ്ങൾക്കു കഴിയുവാൻ

പറയുകെന്നോടു സദയമാരാണാ
വരമരുളിയ വനദേവി?

മറയും ശീകരഹിമലേശത്താലും
മൃദുലമല്ലപ്പൂവിതളാലും

അവളുടെ ശീഷ്വസനമിന്നയ്യോ
വിരചിതമാകാനിടയായി.

കഴികയില്ലവൾക്കുണരുവാനിനി
കരയുകെന്നോടക്കുഴലേ നീ!

അവളോ ഞാനോ ചെററണിയുകില്ലിനി-
യമലസുസ്മിതമൊരുനാളും.

പരമശൂന്യമീയുലകിൽനിന്നിദം
കരയും ഞാനൊരു നിഴലായി

ദിവിയണഞ്ഞുടനവളെ—ലോലമാ-
മൊരു നിഴലിനെ—പ്രണയാർദ്ര-

Digitized By Kerala Sahitya Akademi

പുളകംപൂണ്ണമരം കരപ്പുടം നീട്ടി
പുണരുവാനിടവരുവോളം
അവളോ ഞാനോ ചെററണിയുകില്ലിനി-
യമലസുസ്മിതമൊരുനാളും!… …

Digitized By Kerala Sahitya Akademi

## ഹൃദയഭിക്ഷ

മാമകാനന്ദമേ, നിന്മലർമുററത്തു
മാനസഭിക്ഷയ്ക്കു വന്നു നില്ക്കുന്നു ഞാൻ.

യാത്രയാക്കൊല്ലേ വെറുംകയ്യുമായല-
മാത്തിയാൽ നീറുന്നൊരെൻ ജീവിതത്തെ നീ!

പൊള്ളിക്കുമിളച്ചൊരായതിൻ പാദത്തിൽ
മുള്ളു തറച്ചു മുറിപ്പെടുത്തായ്ക നീ!

ചെണ്ടുവിരിച്ചുതരേണ്ട മൽപാതയിൽ
കണ്ടകം വാരിയെറിഞ്ഞിടാഞ്ഞാൽ മതി.

ആജീവനാന്തം കൃതജ്ഞതയാൽ പ്രേമ-
ഭാജനമേ, നിൻ വിരസഭാവങ്ങളെ

യത്നിച്ചിടും ഞാൻ നിറംപിടിപ്പിക്കുവാൻ
ഭഗ്നമോഹത്താലധഃപതിച്ചീടിലും!

എത്രമേലെന്നെയവഗണിക്കുന്നു നീ-
യത്രമേലെന്നോടടുപ്പിച്ചു നിന്നെ ഞാൻ!

സവ്വവുമാറിത്തണുത്തുപോം നിൻ തപ്ത-
ഗവ്വമിതുമാത്രമെന്നും ജ്വലിച്ചിടും!

ഹോമിക്കയല്ലല്ലി നീയതിൻ ജ്വാലയിൽ
ഹാ, മൽസുരഭിലസ്വപ്നശതങ്ങളെ!

എങ്കിലും ദുസ്സഹമാമിപ്പരീക്ഷണ-
ത്തിങ്കലും തീരെപ്പരാജിതനല്ല ഞാൻ!

Digitized By Kerala Sahitya Akademi

അങ്കണത്തിങ്കൽനിന്നാട്ടിയോടിക്കുവാൻ
ശങ്കിച്ചിടും മുഖം താഴ്ത്തിനില്ക്കേണ്ട നീ.

കററപ്പെട്ടൊരുവാക്കു,താ നടപ്പാതയിൽ
മുററിത്തുടങ്ങീ തിമിരപ്പടപ്പുകൾ.

അസ്സാദ്ധ്യതാരം കൊളുത്തിയിട്ടുണ്ടെൻെറ
വിശ്രമ,മേതോ വിജനവനികയിൽ!

മാപ്പു നല്കേണമേ, മന്മനസ്സിൻ മുഗ്ദ്ധ-
മാദ്ദവത്തിൻെറ നെടുവീപ്പുകൾക്കു നീ!

Digitized By Kerala Sahitya Akademi

# രാഗലഹരി

(1)

ഇരവിലാദ്യത്തെ മധുരനിദ്രയിൽ
സരളസ്വപ്നങ്ങൾക്കിടയിലായ്

ഹൃദയനായികേ, ഭവതിയെക്കാത്തു
മുദിതനായി ഞാനുണരുന്നു!

മൃദുലമർമ്മരമുയരുമാറെങ്ങും
കുളിരിളംതെന്നലിളകവേ,

ഹൃദയനായികേ, ഭവതിയെക്കണ്ടു
മുദിതനായി ഞാനുണരുന്നു.

അറിയാൻ മേലാത്തോരനഘശക്തിയെ-
ന്നമലേ, മൽപദയുഗളത്തെ

അനുനായിപ്പൂ നിൻമണിയറയിലെ-
ക്കിളിവാതിൽക്കലേക്കതിവേഗം!

(2)

അലയും തെന്നലുമരുവിയും നോക്കു
തളരു[illegible] മുറ്റുമിരുളിങ്കൽ.

അരി[illegible] ചമ്പകപരിമളമതാ
തെരുതെരെ മാഞ്ഞു മറയുന്നു.

കരളിൻ നാവിങ്കലുയരുമോരോരോ
സരളമാം ചിന്താശകലംപോൽ

Digitized By Kerala Sahitya Akademi

ഇടറുമൊച്ചയിലിതുവരെ മന്ദ-
മിണയെക്കാണാതെ വിവശയായ്
തരുശിഖരത്തിൽ മരുവും രാക്കുയിൽ
കരൾ തകർന്നയ്യോ, കരയുന്നു.

അനഘേ! നിന്മാറിലതുപോലെ ഞാനും
തല ചായ്ച്ചിത്തിരി കരയട്ടെ!

(3)

തനിയെതാനിപ്പുൽത്തകിടിയിലിവിദ-
മിനിയും നിന്നാലോ തരളേ ഞാൻ?
വരു വരു നാഥേ, വിവശൻ ഞാനയ്യോ
മരണത്തിങ്കലേയ്ക്കണയുന്നു.

വിറകൊള്ളുന്നു ഞാൻ വലയുന്നു മണ്ണിൽ
വിഗതബോധം വീണടിയുന്നു.

വിറകൊള്ളുന്നോരെന്നധരങ്ങളിലും
വിളറും കൺപോളകളിലുമായ്
മൃദുലചുംബനമധുരമാരിയായ്
സദയം വർഷിയ്ക്കൂ തവ രാഗം!

വിളറിപ്പോയിതെന്നിരുകവിൾത്തട്ട-
മലകൊൾവൂ ബാലേ, മമ ചിത്തം.
അതു നീയോമലേ, ഭവതിതൻ മാറിൽ
സദയം ചേർത്തൊന്നു തടവുകിൽ
വിരഹവഹ്നിയിലുരുകിടുമതു
വിഗതവേദനം തകരുമേ!!......

Digitized By Kerala Sahitya Akademi

## കരയും ഞാൻ

അനുജനെക്കാണാതരവിനാഴിക
തനിയേ വാഴുവാനരുതു മേ.

ചെറുപൂമ്പാററയും മലരുമൊത്തിതാ
വരികയായല്ലോ മധുമാസം!

തിരികെയൊന്നവൻ വരുവാനോത്തുമോ?
കരയുമല്ലെങ്കിലിനിയും ഞാൻ.

ഇവിടെപ്പൂക്കാലമണയുമിക്കാല-
മെവിടെപ്പോയവൻ മരുവുന്നു?

ഇളവെയിലൊലിക്കുനകപ്പൂഞ്ചോലി-
ലലയുന്നു ചിത്രശലഭങ്ങൾ.

അനുഗമിച്ചേനേ കൗതുകമാർന്നിപ്പോ-
ളനുജനുണ്ടെങ്കിലവയെ ഞാൻ.

ഒരു രസമില്ല തനിയെ ചെന്നതിൻ
പുറകേ പൂങ്കാവിലലയുവാൻ.

കരുണനെങ്ങുപോയ്? പറയുകെന്നോടു
കരയുമല്ലെങ്കിലിനിയും ഞാൻ.

തുടുതുടെപ്പൂക്കളുലയുന്നു, നോക്കു,
തൊടിയിൽ നാം നട്ട ചെടികളിൽ.

ഇളയ മാണിക്യക്കുലകൾ വീശിക്കൊ-
ണ്ടിളകി മുന്തിരിച്ചുരുളുകൾ.

Digitized By Kerala Sahitya Akademi

കൊതിയാകുന്നു കൊച്ചനുജനുമൊന്നി-
ച്ചതിനുള്ളിൽച്ചെന്നു കളിയാടാൻ.

കരുണനെന്തമ്മേ, വരികില്ലേ വീണ്ടും?
പറയുകില്ലെങ്കിൽ കരയും ഞാൻ!........

*　　　*　　　*

അരുതു കേൾക്കുവാനവനു നിന്മൊഴി
കരയാല്ലെന്റെ തങ്കക്കുടമേ നീ.

പരിചിൽ നീയൊത്തു കളിയാടാനിനി
വരികയില്ലവനൊരു നാളും.

മധുപൂരം മന്ദഹസിതം പാന്റൊരാ
മധുരാസ്യം, കുഞ്ഞേ, മറവായി.

ഇനിയത്തു കാണാൻ കഴിയാ, നീ പിന്നെ-
ന്തുനിയുന്നെന്തിനു കരയുവാൻ?

പരമാനന്ദത്തിൽ മതിമറന്നോമൽ
പരിമളം വീശി വിലസിടും,
ഒരു നല്ല പിഞ്ചുപനിനീർപ്പൂവിനു-
ള്ളരിയ ജീവിതമവനുണ്ടായ്.

അമിതതാപമാന്നഴലുവാൻ നമ്മ-
ളമരലോകത്തിലവനെത്തി.

തവ സഹജൻ വന്നണയുകില്ലിനി-
ത്തനിയേ വേണം നീ കളിയാടാൻ!......

*　　　*　　　*

Digitized By Kerala Sahitya Akademi

അവനമ്മേ, പിന്നെ,യവനുള്ളതെല്ലാ-
മിവിടെ വിട്ടെന്തേ പിരിയുവാൻ?

കുരുവികൾ, പൂക്കൾ, ശലഭങ്ങൾ—കഷ്ട-
മൊരു വസ്തു കാണില്ലവിടത്തിൽ.

കുറെ ഞാനേകിടാമവനമ്മേ, വീണ്ടും
വരുമോ?—ഞാനൊന്നു വിളിയാട്ടാം.

കരുണനെക്കാണാതരവിനാഴിക
കഴിയുവാനെനിക്കരുതമ്മേ.

വെളുവെളെ നുരച്ചുരുളുകൾ തത്തും
കുളിർപ്പൂഞ്ചോലതൻ കരയിലും,

ഇടതൂർന്നെമ്പാടുമിലമുററും വള്ളി-
ക്കുടിലിനുള്ളിലെത്തണലിലും,

കരവും കോർത്തങ്ങിങ്ങലയുവാനിനി-
ക്കഴിയില്ലേ ഞങ്ങൾക്കൊരുനാളും?

വരികയില്ലെന്നോ?—ശരി;-യെന്നാലവൻ
വരുവോള,മമ്മേ, കരയും ഞാൻ!!.........

—∞:○:∞—

Digitized By Kerala Sahitya Akademi

## വിരഹവേദിയിൽ

രാഗവിവശനാമെന്നെപ്പിരിഞ്ഞിന്നു
പോകയാണോ നീ വിഷാദവിലാസിനി?

രാവും പകലും പിരിഞ്ഞിടാതിത്രനാൾ
മേവി ഞാനൊത്തെൻ കളിത്തോഴിയായി നീ.

കണ്ടു രസിച്ചു കൈകോർത്തിരുന്നെത്രയോ
ചെണ്ടിട്ട ചെണ്ടിട്ടടന്ന ദിനങ്ങൾ നാം.

കാലമാം നൂലിൽ നിൻചിന്തകളാലെത്ര
മാല കൊരുത്തെനിയ്ക്കേകി നീ മായികേ!

മാനസമിന്നും നുകരുകയാണതിൻ
മായാതെ നിൽക്കും മധുരപരിമളം!

ഏകാന്തതതൻ കനകവിപഞ്ചിയിൽ
നീ കൈവിരൽത്തുമ്പുരുമ്മിയ മാത്രയിൽ

അന്ധകാരത്തിലുംകൂടി,യൊരത്ഭുത-
ഗന്ധർവ്വമണ്ഡപമായി മന്മന്ദിരം!

പൂക്കളിൽക്കൂടിച്ചിരിച്ചു വിടർന്നെന്നെ
നോക്കിക്കണങ്ങിയെന്നുററത്തുനിന്നു നീ.

പൂമ്പാററകളാൽ പുടവയിളകിയെൻ
പൂങ്കാവനത്തിലലഞ്ഞു നടന്നു നീ.

സദ്രസം പൊന്നിൻകിനാവുകളായെൻെറ
നിദ്രയെക്കെട്ടിപ്പിടിച്ചുമ്മവെച്ചു നീ.



Digitized By Kerala Sahitya Akademi

എന്തി,നിന്നോളമെൻ പ്രാണനായ്ത്തന്നെയെ-
ന്നന്തികത്തിങ്കൽ നീ വാണു, വിലാസിനി!

നീയറിയാതില്ലൊരൊററ രഹസ്യവും
നീറിപ്പുകഞ്ഞൊരെൻ ജീവിതവേദിയിൽ

നമ്മളൊന്നിച്ചു നുകന്നു ലോകത്തിലെ
നന്മയും തിന്മയും മൌനമായിത്രനാൾ.

നിന്നിലലിഞ്ഞു ഞാ,നെന്നിലലിഞ്ഞു നീ
നിന്നിതമ്മട്ടൊരു നിർവൃതിയിങ്കൽ നാം.

ഒട്ടും കരുതിയിരിയ്ക്കാതെ, പെട്ടെന്നു
വിട്ടുമാറുന്നുവോ, നീയെന്നെ, മോഹിനി?

എന്നിനിക്കാണും?—വിദൂരത്തിലെത്തിയാ-
ലെന്നെ നീയക്ഷണം വിസ്മരിക്കില്ലയോ?

പോകാതെയില്ല തരമെങ്കി,ലങ്ങനെ-
യാകട്ടെ—പക്ഷേ മറക്കരുതെന്നെ നീ!

Digitized By Kerala Sahitya Akademi

## ചിത്രയുഗത്തിലെ സുപ്രഭാതം

മംഗളമളിനാദം!—ശ്രീലസൽസമാധാന–
രംഗത്തിൽ നവോദയകാഹളം!—മുഴങ്ങുന്നു!

ശാന്തിതൻ മരതകപ്പൂവനമെല്ലാം പൂത്തു
കാന്തിയുമുൽക്കർഷവുമൊന്നിച്ചു കരം കോർത്തു

വിജയക്ഷേത്രത്തിൻെറ ഗോപുരകവാടങ്ങൾ
വിരവോടെല്ലാക്കുമായ് തുറക്കപ്പെട്ടു മുന്നിൽ.

മാമൂലിൻമഷിതേച്ച മാറാല മാറിപ്പോയി
മായാത്ത മയൂഖങ്ങൾ നൃത്തമാടുകയായി!

ഇച്ചിത്രയുഗത്തിൻെറ സുപ്രഭാതത്തിൻമുന്നി–
ലച്ചിയ്യൂ, വേണാടേ, നിൻനിർമ്മലഹർഷാശ്രുക്കൾ!

ഇപ്പുണ്യവിളംബരമേകിയ ചെങ്കോലിൻെറ
കെൽപിനും കനിവിനുമരുളൂ നമോവാകം!

ദൈവത്തെപ്പങ്കിട്ടുകൊ,ണ്ടിന്നലേവരെ, യോരോ
വൈവിധ്യം കാണിച്ചു നാം കലഹംകൂട്ടീ തമ്മിൽ.

ഇന്നിതാ നമുക്കെല്ലാമൊന്നിച്ചു കൈയുംകോർത്തു
നിന്നുകൊണ്ടുൽക്കർഷത്തെപ്പുണരാനിടയായി.

ഇന്നത്തെ 'ശ്രീവാഴുംകോ'ടനപത്ഥമായ്—ലോക
മുന്നിലിന്നതുനേടീ മുഖ്യമാംസ്ഥാനം നൂനം! (ത്തിൽ

ഈ നവയുഗത്തിൻെറ സുപ്രഭാതത്തിൽക്കൂടി
മാനവതപത്തിൻ വാടാവെളിച്ചം മന്ദം മന്ദം

Digitized By Kerala Sahitya Akademi

പരന്നു പരന്നൊരുകാലത്തു കാണാറാകും
പരമസ്നേഹത്തിൻെറ പാവനമതം മാത്രം!

അന്നത്തെ വിശ്വവ്യാപകോൽക്കർഷസമുദ്രത്തി-
നമ്മയാ,ണിന്നീ നാട്ടിൻ കനിവിൻവെള്ളത്തുള്ളി

അന്നത്തെസ്സമത്വത്തിൻ സാമ്രാജ്യം താലോലിപ്പൂ
തന്നുള്ളിലടക്കിക്കൊണ്ടിക്കൊച്ചുമണൽത്തരി.

ഇദ്ദിവ്യയജ്ഞാഗ്നിയാൽ കൊളുത്തപ്പെട്ടീടട്ടെ
[illegible] മൃതയായ ജാതിതൻ ചിതാകൂടം!

ബുദ്ധിതൻ വിദ്യുച്ഛക്തിമന്ദിരമായിട്ടു,മീ-
[illegible]ത്മാവിൽ [illegible]ിവൻതന്നമരം പിടിക്കലാൽ,

[illegible]ക്കട്ടെ നിർബാധം കാറും കോളും
[illegible]യും, കണക്കാക്കാതെന്നുമിച്ചെറുവഞ്ചി!

[illegible] നടക്കട്ടെ വീണവായിച്ചുംകൊണ്ടു
[illegible]ത്ര്യമീ വേണാടിൻെറ ഭാഗ്യദേവതയെങ്ങും!

ഇക്ഷേത്രപ്രവേശനമംഗളവിളംബര-
മക്ഷയൈശ്വര്യത്തിൻെറ നാന്ദിയായ് ശോഭിക്കട്ടെ!

നീണാളായ് കൊതിച്ചോരാ നിർവൃതി ലഭിച്ചിന്ന
വേണാട്ടിൽ ജനിക്കയാൽ ചരിതാർത്ഥരായ് നമ്മൾ.

അത്യന്തപവിത്രമാമീ യുഗമാരംഭിച്ച
ചിത്രതാരകേ, ഹാ, നീയുല്ലസിക്കാവൂ മേന്മേൽ!

താവകയശസ്സിൻെറ രശ്മികളുണർത്തട്ടെ
കേവലം മരവിച്ച ലോകത്തിൻ പ്രജ്ഞാചക്രം!

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| മഞ്ഞക്കിളികൾ | 1 | 0 | 0 |
| കല്ലോലമാല | 1 | 4 | 0 |
| മൌനഗാനം | 1 | 0 | 0 |
| നിർവ്വാണമണ്ഡലം | 0 | 12 | 0 |
| അസ്ഥിയുടെ പൂക്കൾ | 0 | 12 | 0 |
| പാടുന്ന പിശാച് | 2 | 0 | 0 |
| മദിരോത്സവം | 2 | 0 | 0 |
| സ്വരരാഗസുധ | 2 | 0 | 0 |
| ഉദ്യാനലക്ഷ്മി | 1 | 2 | 0 |
| മണിവീണ | 0 | 12 | 0 |
| മാനസേശ്വരി | 0 | 6 | 0 |
| മയൂഖമാല | 0 | 9 | 0 |
| സുധാംഗദ | 0 | 15 | 0 |
| അമൃതവീചി | 0 | 12 | 0 |
| പെല്ലീസും മെലിസാന്ദയും | 1 | 8 | 0 |
| മാനസാന്തരം | 1 | 8 | 0 |
| പ്രതികാരദുർഗ്ഗ | 2 | 8 | 0 |
| കഥാരത്നമാലിക | 1 | 2 | 0 |
| നീറുന്ന തീച്ചൂള | 1 | 4 | 0 |
| തളിർത്തൊത്തുകൾ | 1 | 0 | 0 |
| രാഗപരാഗം | 1 | 0 | 0 |
| നർത്തകി | 0 | 8 | 0 |
| മംഗലമോഹിനി (അച്ചടിയിൽ) | | | |
| വിശ്വവിപഞ്ചിക ,, | | | |
| ഇടപ്പള്ളി രാഘവൻപിള്ളയുടെ എല്ലാ കൃതികളുംകൂടി ഒരു വാല്യത്തിൽ | 5 | 0 | 0 |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |

P. T. O.

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| രമണൻ | 1 | 8 | 0 |
| ദേവഗീത | 2 | 0 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | [illegible] |
| അപരാധികൾ | 1 | 0 | |
| ദിവ്യഗീതം | 1 | 8 | [illegible] |
| ഓണപ്പൂക്കൾ | 1 | 0 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | [illegible] |
| ആകാശഗംഗ | 1 | 0 | 0 |
| കളിത്തോഴി | 2 | 8 | 0 |
| വത്സല | 0 | 8 | 0 |
| ആരാധകൻ | [illegible] | 8 | 0 |
| മോഹിനി | 0 | 8 | 0 |
| ദേവത | [illegible] | [illegible] | 0 |
| തിലോത്തമ | [illegible] | 8 | |
| കലാകേളി | 0 | 12 | [illegible] |
| ശ്രീതിലകം | 1 | 0 | 0 |
| ചൂഡാമണി | 1 | 0 | 0 |
| കരടി | 0 | 8 | 0 |
| വിവാഹാലോചന | 0 | 8 | 0 |
| അനശ്വരഗാനം | 0 | 8 | 0 |
| യവനിക | 1 | 8 | 0 |
| ഹേമന്തചന്ദ്രിക | 1 | 8 | 0 |
| സാഹിത്യചിന്തകൾ | 1 | 0 | 0 |
| നിർവൃതി | 0 | 8 | 0 |
| ദേവയാനി | 0 | 8 | 0 |

**മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ**

Digitized By Kerala Sahitya Akademi